# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5956 04/11/2016- ൽ മറുപടിക്ക്**

## ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലാർക്ക് തസ്തികകൾ

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>പ്രൊഫസർ .സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലാർക്ക് തസ്തികകൾ അനുവദിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ക്ലാർക്കുമാർ ചെയ്യേണ്ട ജോലി നിലവിൽ ആരാണ് ചെയ്യുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | അദ്ധ്യാപകരുടെയും ലാബ് അസിസ്റ്റന്റുമാരുടെയും സഹായത്തോടെ സ്കൂൾ പ്രിൻസിപ്പാൾ ആവശ്യമായ ജോലി ചെയ്തു വരുന്നു. |
| (സി) | പഠിപ്പിക്കുന്നതോടൊപ്പം മറ്റ് ജോലികളും ചെയ്യുക ബുദ്ധിമുട്ടാണെന്ന വിഷയം ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർ സർക്കാരിനെ ബോധിപ്പിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |

| | | | |
|---|---|---|---|
| (ഡി) | ആയത് പരിഹരിക്കുന്നതിന് ക്ലാർക്ക് തസ്തിക അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ശ്രീ.ശ്യാംകുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013,7881/2013 നമ്പർ കേസുകളിലെ 5.9.2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കൻഡറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ളാർക്ക്, പാർട്ട് /ഫുൾ ടൈം മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17.8.2015 തീയതിയിലെ ജി.ഒ(എം.എസ്)നം. 220/2015 /പൊ.വി.വ പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ളാർക്ക് തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ